**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1427** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2022 ഫെബ്രുവരിയിൽ പ്രഖ്യാപിച്ച നൂറ് ദിന പരിപാടി മുഖേന പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | **2022 ഫെബ്രുവരിയിൽ പ്രഖ്യാപിച്ച നൂറ്ദിന പരിപാടിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ഗവ.ജെ.എച്ച്.എസ്.എസ്, നടുവട്ടം, ഗവ. വി.എച്ച്.എസ്.എസ്, ചെർപ്പുളശ്ശേരി, ഗവ. എച്ച്.എസ്.എസ്, ബിഗ്ബസാർ, ഗവ.ബി.എച്ച്.എസ്.എസ് നെന്മാറ എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തിയിട്ടുണ്ട്. ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട നെച്ചുള്ളി ഗവ.ഹൈസ്കൂളിന്റെയും, പ്ലാൻ ഫണ്ടിലുൾപ്പെട്ട തത്തമംഗലം ഗവ. യു.പി സ്കൂളിന്റെയും ഉദ്ഘാടനവും നടത്തിയിട്ടുണ്ട്.**<br><br>**കൂടാതെ ഗവ.ജി.എച്ച്.എസ്, അലനല്ലൂർ, ഗവ. വി.എച്ച്.എസ്, പത്തിരിപ്പാല, ഗവ. എച്ച്.എസ്.എസ്, കൊപ്പം എന്നീ സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനവും ഗവ. എച്ച്.എസ്.എസ്, ബിഗ്ബസാർ, ഗവ. വി.എച്ച്.എസ്.എസ്, മലമ്പുഴ, ഗവ. എച്ച്.എസ്.എസ്, നെച്ചുള്ളി, ഗവ. എച്ച്.എസ്.എസ്, മുതലമട, ഗവ. എച്ച്.എസ്.എസ്, കിഴക്കഞ്ചേരി, ഗവ. എച്ച്.എസ്, തേക്കുറിശ്ശി എന്നീ സ്കൂളുകളിലെ നവീകരിച്ച ലാബുകളുടെ ഉദ്ഘാടനവും നടത്തിയിട്ടുണ്ട്.**<br><br>**സർക്കാർ ഹയർസെക്കന്ററി സ്കൂളുകൾക്ക് ലാബ് ആർട്ടിക്കൽസ്, ഫർണീച്ചർ എന്നിവ വാങ്ങുന്നതിന് തുക അനുവദിച്ച പദ്ധതിയിൽ പാലക്കാട് ജില്ലയിലെ 6 സ്കൂളുകളെ വീതം ഉൾപ്പെടുത്തിയിട്ടുണ്ട്. ഹയർസെക്കന്ററി സ്കൂളുകൾക്ക് ലൈബ്രറി പുസ്തകം വാങ്ങുന്നതിനുള്ള പദ്ധതിയിൽ 20 സ്കൂളുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത ജില്ലയിലെ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ | (ബി) | **പാലക്കാട് ജില്ലയിലെ ഗവ. എച്ച്.എസ്.എസ്, പട്ടഞ്ചേരി, ഗവ. യു.പി.സ്കൂൾ, പുത്തൂർ എന്നീ സ്കൂൾ** |

| | | | |
|---|---|---|---|
| | എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | | **കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലാബ് ആർട്ടിക്കിൾസ്, ഫർണ്ണീച്ചർ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കുന്ന സ്കൂളുകൾക്കും ആയത് അനുവദിക്കുന്നതാണ്. സംസ്ഥാന തലത്തിലുള്ള പദ്ധതികളായ സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം, ടെക്സ്റ്റ് ബുക്ക്, സുരീലി ഹിന്ദി, വായനച്ചങ്ങാത്തം, ഗണിത വിജയം, ഉല്ലാസഗണിതം, ഹലോ ഇംഗ്ലീഷ് എന്നിവ പാലക്കാട് ജില്ലയിലും നടപ്പിലാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ